## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1276

01.07.2015-ൽ മറുപടിക്ക്

### ഭൂമി രജിസ്ട്രേഷൻ വക വരുമാനം

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ

ഉത്തരം

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) കഴിഞ്ഞ 4 വർഷത്തെ സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷന്റെ എണ്ണമെത്രയാണ് ; ഓരോ വർഷത്തെയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ;

എ) 2011-12 സാമ്പത്തികവർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| സാമ്പത്തികവർഷം | ആധാരങ്ങളുടെ എണ്ണം |
|---|---|
| 2011-12 | 1310573 |
| 2012-13 | 1278072 |
| 2013-14 | 1179064 |
| 2014-15 | 1053918 |
| ആകെ | 4821627 |

ബി) ഈ വകയിൽ കഴിഞ്ഞ 4 വർഷം സർക്കാരിന് ലഭിച്ച വരുമാനം വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം ചുവടെ ചേർക്കുന്നു :

| സാമ്പത്തികവർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-12 | 2773.06 |
| 2012-13 | 2747.58 |
| 2013-14 | 2353.49 |
| 2014-15 | 2390.23 |
| ആകെ | 10264.36 |

| | |
|---|---|
| സി) വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | സി) 2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആധാരങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ കുറവ് സംഭവിച്ചതുകൊണ്ട് വരുമാനത്തിലും കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം നവംബർ മാസത്തിൽ ഫെയർ വാല്യൂ വർദ്ധിപ്പിച്ച് ഉത്തരവായതിനാൽ മുൻവർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ